**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1448** **14-03-2022 - ൽ മറുപടിയ്ക്ക്**

**കടൽ തീരത്ത് പട്ടയം ലഭിച്ചവർക്ക് ഭൂനികുതി ഒടുക്കുന്നതിനുള്ള തടസ്സം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കടൽ തീരത്ത് പട്ടയം ലഭിച്ചവർക്ക് ഭൂനികുതി ഒടുക്കാൻ പറ്റുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കടൽ തീരങ്ങളിൽ സംസ്ഥാന സർവ്വേ അതിർത്തിക്ക് പുറത്തുള്ള ഭാഗത്ത് താമസിക്കുന്നവർക്ക് എൺപതു മുതലുള്ള കാലയളവിൽ പട്ടയ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ടി ഭൂമി സർവ്വെ രേഖകളിൽ ഉൾപ്പെടുത്തുകയോ വിജ്ഞാപനം ചെയ്യപ്പെടുകയോ ചെയ്യാത്തതു കാരണം പട്ടയങ്ങൾ നിയമവിധേയമല്ലാത്തതിനാൽ ഈ ഭൂമിക്ക് പോക്കുവരവു ചെയ്ത് കരം അടയ്ക്കുവാൻ സാധിക്കില്ല. കേരള ലാൻഡ് ടാക്സ് ആക്ട് പ്രകാരം കൈവശഭൂമിക്ക് കൈവശക്കാരനിൽ നിന്നും ഭൂനികുതി (Other than Basic Tax- LR OBT എന്ന പേരിൽ) സ്വീകരിക്കുക മാത്രമാണ് ചെയ്യുന്നത്. സംസ്ഥാന സർവ്വെ അതിർത്തിക്കു പുറത്തുള്ള സ്ഥലമായതിനാൽ സെൻട്രൽ സർവ്വെ ഓഫ് ഇൻഡ്യയുടെ അനുമതിയോടു കൂടി മാത്രമേ സർവ്വെ നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ. കേരളത്തിൽ സമ്പൂർണ്ണ ഡിജിറ്റൽ സർവ്വേ നടപടികൾ ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ അൺ സർവ്വെഡ് ലാൻറുകൾക്ക് പ്രഥമ പരിഗണന നൽകി സർവ്വേ നടപടികൾ പൂർത്തീകരിച്ച് പട്ടയങ്ങൾ നിയമവിധേയമാക്കുന്ന കാര്യം പരിഗണനയിലാണ്. |
| (ബി) | സെറ്റിൽമെന്റ് അഥവാ അടങ്കൽ രജിസ്റ്റർ എന്താണെന്നും അതിന്റെ ഉദ്ദേശം എന്താണെന്നും വ്യക്തമാക്കാമോ; | (ബി) | സെറ്റിൽമെന്റ്: ഭൂമിയിൽ നിന്നുള്ള വരുമാനം (കരം പിരിവ്) നിജപ്പെടുത്തുന്നതിനുവേണ്ടി ശാസ്ത്രീയമായ ഭൂസർവ്വയെ അടിസ്ഥാനപ്പെടുത്തി ഭൂമിയെ ഖണ്ഡം, സർവ്വെ ഫീൽഡ്, സബ് ഡിവിഷൻ എന്ന ക്രമത്തിൽ വിഭജിച്ച് ഭൂമിയുടെ ഇനം, തരം, പേര്, വിള, കരം, ഭൂവുടമ കൈവശക്കാരൻ എന്നീ വിവരങ്ങൾ ഓരോ സർവ്വെ - സബ് ഡിവിഷൻ നമ്പരിനുമായി തിട്ടപ്പെടുത്തുന്ന ഭരണപരമായ പ്രക്രിയയാണ് റവന്യൂ സെറ്റിൽമെന്റ് . ഇപ്രകാരം സെററിൽമെന്റ് വകുപ്പ് തയ്യാറാക്കി റവന്യൂ |

| | | | |
|---|---|---|---|
| | | | ഭരണത്തിന് കൈമാറിയ രജിസ്റ്റർ ആണ് സെറ്റിൽമെന്റ് രജിസ്റ്റർ അഥവാ അടങ്കൽ. ടി രജിസ്റ്ററിൽ നികുതി ചുമത്തിയതും അല്ലാത്തതുമായ എല്ലാ വസ്തുക്കളുടെയും സർവ്വെ നമ്പർ, ഇനം, തരം, വിസ്തീർണ്ണം, ഭൂമിയുടെ തരം അടിസ്ഥാനപ്പെടുത്തിയുള്ള നികുതി നിരക്ക് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഈ രജിസ്റ്ററിൽ പെടാത്ത കടസ്സൽ സർവ്വേ ചെയ്യാത്ത കടൽത്തീരത്തുള്ള ഭൂമി പാവപ്പെട്ട കുടുംബങ്ങൾക്ക് അൺ സർവ്വേയ്ഡ് ലാൻഡ് എന്ന് കാണിച്ച് അടങ്കൽ രജിസ്റ്ററിലെ അവസാന നമ്പറിന്റെ തുടർച്ചയായി പട്ടയം നൽകാറുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇത്തരത്തിൽ പട്ടയം ലഭിച്ചവർ എത്രയുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (സി) | 1980 മുതലുള്ള കാലഘട്ടത്തിൽ അൺസർവ്വെഡ് ലാൻഡായി കടൽ പുറമ്പോക്കിലെ താമസക്കാർക്ക് പട്ടയം നൽകിയിരുന്നു. ഇത്തരത്തിൽ പട്ടയം ലഭിച്ചവരുടെ ജില്ല തിരിച്ചുള്ളവരുടെ കണക്കുകൾ ശേഖരിച്ചുവരുന്നു. |
| (ഡി) | ഇത്തരത്തിൽ പട്ടയം അനുവദിച്ച സ്ഥലം റീസർവ്വേ ചെയ്ത് ബി.റ്റി.ആർ. ൽ ഉൾപ്പെടുത്താത്തത് മൂലം ഭൂനികുതി ഒടുക്കാൻ പറ്റാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ഡി) | 1980 മുതലുള്ള കാലഘട്ടത്തിൽ അൺസർവ്വെഡ് ലാൻഡായി കടൽ പുറമ്പോക്കിലെ താമസക്കാർക്ക് പട്ടയം നൽകിയിരുന്നു. ഇത്തരത്തിൽ പട്ടയം ലഭിച്ചവരുടെ ജില്ല തിരിച്ചുള്ളവരുടെ കണക്കുകൾ ശേഖരിച്ചുവരുന്നു. |
| (ഇ) | പട്ടയം അനുവദിച്ചിട്ടും സെറ്റിൽമെന്റ് / അടങ്കൽ രജിസ്റ്ററിൽ പെടാത്ത ഭൂമി വില്ലേജിന്റെ പരിധിയിൽ വരുന്നില്ലെന്നും അത് ഉൾപ്പെടുന്നത് മൂലം ബന്ധപ്പെട്ട വില്ലേജ് അഥവാ റീസർവ്വേ ബ്ലോക്കിന്റെ വിസ്തീർണ്ണം വർദ്ധിക്കുമെന്നും അത് താലൂക്ക്, ജില്ല, സംസ്ഥാന വിസ്തീർണം കൂടാൻ ഇടവരുമെന്നും ഏതെങ്കിലും ജില്ലയിലെ റീസർവ്വേ അധികൃതർ ചൂണ്ടിക്കാട്ടിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഈ പ്രശ്നമുള്ളതെന്നും ഇവ എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | (ഇ) | സംസ്ഥാന സർവ്വെ അതിർത്തിക്കു പുറത്തായുള്ള അൺസർവ്വെഡ് കടൽ പുറമ്പോക്കുകൾ സെൻട്രൽ സർവ്വെ ഓഫ് ഇൻഡ്യയുടെ അനുമതിയോടെ സർവ്വെ ചെയ്ത് സംസ്ഥാന സർവ്വെ അതിർത്തിക്കുള്ളിൽ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. കേരള സമ്പൂർണ്ണ ഡിജിറ്റൽ സർവ്വെ നടപടികൾ ആരംഭിച്ച സാഹചര്യത്തിൽ ഈ അൺസർവ്വെഡ് ലാൻറുകൾക്ക് പ്രഥമ പരിഗണന നൽകി സർവ്വെ നടപടികൾ പൂർത്തികരിക്കും. |

സെക്ഷൻ ഓഫീസർ